നെല്ല് സംഭരണത്തിന് നടപടി

9 [* 317] ശ്രീ. ടി. വി. ചന്ദ്രമോഹൻ :
,, കെ. എ. ചന്ദ്രൻ :
,, ഇ. എം. അഗസ്തി:
,, ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സീസണിൽ നെല്ല് സംഭരണം ഫലപ്രദമായി നടത്തുകയുണ്ടായോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത് ;

(സി) സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷനോ സംസ്ഥാന മാർക്കറ്റിംഗ് ഫെഡറേഷനോ മുഖാന്തിരം നെല്ല് സംഭരണം നടത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഇപ്രകാരം നെല്ല് സംഭരിക്കുന്ന സഹകരണസ്ഥാപനത്തിന് സ്വന്തമായി റൈസ് മിൽ സ്ഥാപിക്കാനും അരി വിൽക്കുന്നതിനുമുള്ള ഏർപ്പാടുണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) നെല്ല് സംഭരണം ഫലപ്രദമായി നടത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സീസണിൽ ആദ്യം സംഭരണത്തിന് പണം ഇല്ലാതെ വന്നതിനാൽ സംഭരണത്തിന് ബുദ്ധിമുട്ട് ഉണ്ടായി. എന്നാൽ കൂടുതൽ പണം അനുവദിച്ചതിനാൽ സ്തംഭനം മാറി വരുന്നു.

(ബി) 'എ' യിൽ വ്യക്തമാക്കിയിട്ടുണ്ട്.

(സി) നെല്ല് സംഭരണത്തിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. ഭക്ഷ്യ-സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ് മുഖാന്തിരം എഫ്. സി. ഐ. യെക്കൊണ്ട് ഗവൺമെന്റിനു നഷ്ടമില്ലാത്ത രീതിയിൽ അരി എടുപ്പിക്കുവാനാണ് ശ്രമിച്ചുനോക്കുന്നത്.

(ഡി) കൃഷി ഡിപ്പാർട്ട്മെന്റ് ഇപ്പോൾ ആലോചിച്ചിട്ടില്ല.

"ശബരിമലയുടെ വികസനത്തിന് മാസ്റ്റർ പ്ലാൻ"

10 [* 318] ശ്രീ. കെ. നാരായണക്കുറുപ്പ് :
,, റോഷി അഗസ്റ്റിൻ :
,, തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയുടെ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ പദ്ധതിയുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) ഇതിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly